പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 04.12.2015-ൽ മറുപടിക്ക്

നിയമസഭാ ചോദ്യം നം. *121

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ബജറ്റ് വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. എം.എ. ബേബി<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീമതി കെ.കെ. ലതിക | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കുന്ന ബജറ്റ് വിഹിതത്തിൽ നിന്നും കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾക്ക് പണം നൽകാൻ നിർദ്ദേശം നൽകാറുണ്ടോ;<br><br>ബി) പ്രധാനപ്പെട്ട ഏതെല്ലാം കാര്യങ്ങൾക്കാണ് ഇത്തരത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) & ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടുത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും പദ്ധതി ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യമായതിനാൽ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവർ ചെയ്യുന്ന പ്രവർത്തനങ്ങൾ അപഗ്രഥിച്ച് അവയെ സംയോജിപ്പിക്കാനും ഏകോപിപ്പിക്കുവാനും കഴിയുന്നവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ അംഗനവാടി പോഷകാഹാര വിതരണം, എസ്.എസ്.എ, ആർ.എം.എസ്.എ, പാലിയേറ്റീവ് കെയർ പ്രോജക്ടുകൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും നൽകൽ, ഐ.എ. വൈ |

| | | |
|---|---|---|
| | | അധികവിഹിതം നൽകൽ, പൊതുശ്മശാനവും അറവുശാലകളും ഇല്ലാത്തയിടങ്ങളിൽ അവ സ്ഥാപിക്കുന്നതിനുള്ള വിഹിതം, കിലയെ കൽപ്പിത സർവ്വകലാശാല യായി ഉയർത്തുന്നതിന് കില കോർപ്പസ് ഫണ്ടിലേക്കുള്ള വിഹിതം, കേരളോത്സവങ്ങൾ, പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (എസ്.എൽ.ബി.പി), ജലനിധിക്കുള്ള വിഹിതം, സാമൂഹ്യസുരക്ഷാമിഷൻ, തുടങ്ങി ഒട്ടേറെ കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർക്ക് ലഭിക്കുന്ന ബജറ്റ് വിഹിതത്തിൽ നിന്നുൾപ്പെടെ വിഹിതം മാറ്റിവയ്ക്കാൻ നിർദ്ദേശം നൽകാറുണ്ട്, |
| സി) ഇത്തരത്തിൽ നിർദ്ദേശം നൽകുന്നതിനു മുമ്പ് പ്രസ്തുത സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് അവലോകനം നടത്താറുണ്ടായിരുന്നുവോ;<br><br>ഡി) പ്രസ്തുത നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സി & ഡി | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും നിർവ്വഹണവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലം കൂടി അവലോകനം ചെയ്താണ് കാലാകാലങ്ങളിൽ നൽകുന്നത്. അവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ